**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6164** **17-03-2023 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയെ ശക്തിപ്പെടുത്തുന്നതിന് പുതിയ യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് മുഖേന അഞ്ചരക്കണ്ടി ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, മൺകട അഗ്രിക്കൾച്ചറൽ & ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം, ബേഡഡ്ക ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ ഡീഫൈബറിംഗ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഉണക്കത്തൊണ്ടിൽ നിന്നും ഹസ്ക് ചിപ്സ് ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര യൂണിറ്റുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | ഉണക്കത്തൊണ്ടിൽ നിന്നും ഹസ്ക് ചിപ്സ് ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ കയർ വികസന വകുപ്പ മുഖേന ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ